⇨ *ലത്തീൻ അതിരൂപത സർക്കാറിന്റെ ഈ തന്ത്രത്തിന് വഴങ്ങിക്കൊടുക്കുകയാണ് ഉണ്ടായത്* ⇨

## വിഴിഞ്ഞം പാക്കേജ്:

# സർക്കാറും ലത്തീൻ രൂപതയും മത്സ്യത്തൊഴിലാളികളെ വഞ്ചിക്കുന്നു

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി 475 കോടി രൂപയുടെ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിരുന്നു. തദ്ദേശ തെരഞ്ഞെടുപ്പിന് മുന്നോടിയായുണ്ടാക്കിയ ഈ പാക്കേജ് അപര്യാപ്തവും സർക്കാറും ലത്തീൻ രൂപതയും തമ്മിലുള്ള നീക്കുപോക്കുമാണെന്ന്

**എ.ജെ. വിജയൻ**

**വിഴിഞ്ഞം** തുറമുഖ പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിനായി കഴിഞ്ഞ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിന് മുന്നോടിയായി സർക്കാർ പ്രഖ്യാപിച്ച 475 കോടി രൂപയുടെ പാക്കേജ് അപര്യാപ്തവും കബളിപ്പിക്കലുമാണ്. ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ വിവിധ സംഘടനാ പ്രതിനിധികൾ മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയതിനെ തുടർന്നാണ് മന്ത്രിസഭ 475 കോടി രൂപയുടെ ഈ പാക്കേജിന് അനുമതി നൽകുന്നത്. യഥാർത്ഥത്തിൽ പദ്ധതിമൂലം തൊഴിലും ഉപജീവനമാർഗ്ഗങ്ങളും നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികളെ ഈ പാക്കേജ് അവഗണിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി എങ്ങനെയെങ്കിലും ചില ഒത്തുതീർപ്പുകളുണ്ടാക്കണം എന്ന ഉമ്മൻചാണ്ടി സർക്കാറിന്റെ തന്ത്രത്തിന്റെ ഭാഗമായുണ്ടായ പാക്കേജാണിത്. വിഴിഞ്ഞം പദ്ധതിക്കെതിരായ സമരം വ്യാപിപ്പിക്കുന്നതിനു പകരം ലത്തീൻ അതിരൂപത സർക്കാറിന്റെ ഈ തന്ത്രത്തിന് വഴങ്ങിക്കൊടുക്കുകയാണ് ഉണ്ടായത്. വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യബന്ധന മേഖലയിൽ നിന്നും ഉന്നയിക്കപ്പെട്ട ആശങ്കകളൊന്നും പരിഗണിക്കാതെയുള്ള ഈ കരാറിൽ പങ്കുചേർന്നതിലൂടെ ലത്തീൻസഭ മത്സ്യത്തൊഴിലാളികളെ വഞ്ചിക്കുകയാണ് ചെയ്തിരിക്കുന്നത്. തുറമുഖത്തിന്റെ കപ്പൽച്ചാൽ ഉൾപ്പെടെ മൂന്നു കിലോമീറ്റർ വരുന്ന തീരപ്രദേശത്ത് കടലിനെ ആശ്രയിച്ചു കഴിയുന്നവരെ മാത്രമാണ് ഈ പാക്കേജ് പരിഗണിക്കുന്നത്. എന്നാൽ വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ നേരിട്ടും അല്ലാതെയും പിഴുതെറിയപ്പെടാൻ പോകുന്നവരുടെ എണ്ണം അതിലേറെ വരും. പദ്ധതിയുടെ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ ഉണ്ടാകാൻ പോകുന്ന തീരശോഷണം പദ്ധതി പ്രദേശത്തിന് വടക്ക് ഭാഗത്തുള്ള മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ സാരമായി ബാധിക്കും എന്നത് ഈ പാക്കേജ് പരിഗണിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചോ അവരുടെ ആവശ്യങ്ങളെക്കുറിച്ചോ ലത്തീൻ രൂപതയ്ക്ക് വ്യക്തമായ ബോധ്യമില്ലെന്നതിന് തെളിവാണ് അവരുടെ ഈ ഒത്തുതീർപ്പ്. രൂപതയ്ക്ക് വിശ്വാസികൾക്കിടയിലുള്ള അവരുടെ സ്വാധീനത്തെ സംരക്ഷിച്ചു നിർത്തണം എന്നു

മാത്രമാണുള്ളത്. മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗങ്ങൾ നിലനിൽക്കണമെന്നും മത്സ്യസമ്പത്ത് സംരക്ഷിക്കപ്പെടണമെന്നും രൂപത ആത്മാർത്ഥമായി ആഗ്രഹിക്കുന്നില്ലെന്ന് ഈ ഒത്തുതീർപ്പ് വ്യക്തമാക്കുന്നു. സർക്കാറിന് താത്പര്യമുള്ള വിഴിഞ്ഞം പോലെയുള്ള ഒരു വലിയ പദ്ധതിയെ എതിർത്തുകൊണ്ട് ഭരണകൂടവുമായി ഒരു അഭിപ്രായവ്യത്യസത്തിൽ തുടരാൻ ലത്തീൻ രൂപത ആഗ്രഹിക്കുന്നില്ല. സർക്കാറുമായി ഒട്ടേറെ കൊടുക്കൽ വാങ്ങലുകൾ നടത്തിക്കൊണ്ടാണ് രൂപത നിലനിൽക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളടക്കം സർക്കാറിൽ നിന്നും നേടിയെടുക്കാൻ ആഗ്രഹിക്കുന്ന ഒരു സംവിധാനത്തിന് സർക്കാറുമായി ഒരു നീക്കുപോക്കുണ്ടാക്കി മാത്രമേ മുന്നോട്ടുപോകാൻ കഴിയൂ. അതുകൊണ്ടാണ് വിഴിഞ്ഞം തുറമുഖ പദ്ധതിക്കെതിരെ ഇത്രയേറെ വിമർശനങ്ങളുയർന്നിട്ടും കാര്യക്ഷമമായ ഒരു പഠനം അക്കാര്യത്തിൽ നടത്താതെ ഒരു താത്കാലിക ഒത്തുതീർപ്പുണ്ടാക്കാൻ രൂപത ശ്രമിച്ചത്. വിഴിഞ്ഞം തുറമുഖ പദ്ധതിക്കെതിരായി തദ്ദേശീയരുടെ മുൻകൈയിൽ ഉയർന്നുവരേണ്ട ന്യായമായ ഒരു സമരത്തെ അന്യായമായ ഒരു ഒത്തുതീർപ്പിൽ അവസാനിപ്പിക്കുകയാണ് അവർ ചെയ്തിരിക്കുന്നത്. ഞങ്ങൾ വികസനത്തിനും വിഴിഞ്ഞം തുറമുഖ പദ്ധതിക്കും എതിരല്ലെന്നാണ് ഈ പാക്കേജ് അംഗീകരിച്ചുകൊണ്ട് ലത്തീൻ രൂപതയുടെ വക്താക്കൾ പറഞ്ഞത്. തുറമുഖ പദ്ധതി കാരണം എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുന്നുണ്ടെങ്കിൽ അതിന് നഷ്ടപരിഹാരം നൽകിയാൽ മാത്രം മതിയെന്ന വാദമാണ് അവർ ചർച്ചയിൽ ഉന്നയിച്ചത്. വിഴിഞ്ഞം തുറമുഖ പദ്ധതി പോലെ തീർത്തും അശാസ്ത്രീയമായ ഒരു നിർമ്മാണ പ്രവർത്തനത്തിലൂടെ തീരവും കടലും നശിച്ചാലും താത്കാലികമായി എന്തെങ്കിലും കിട്ടിയാൽ മതിയെന്ന ഈ നിലപാട് മത്സ്യത്തൊഴിലാളികളെ കുരുതി കൊടുക്കുന്നതിന് തുല്യമാണ്. സർക്കാറുമായി വിലപേശി ഡീൽ ഉറപ്പിക്കുന്ന പരിപാടിയാണിത്. വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണം കാരണമുണ്ടാകുന്ന പ്രശ്നങ്ങളെല്ലാം പരിഹരിച്ചെന്ന മട്ടിൽ പിന്നീട് രൂപത മൗനം പാലിക്കുകയാണ് ചെയ്തത്.

ഈ പാക്കേജ് വഴി ആകെയുണ്ടായിരിക്കുന്ന നേട്ടം വർഷങ്ങളായി ഞങ്ങൾ ഉന്നയിക്കുന്ന പല പ്രത്യാഘാതങ്ങളും സർക്കാർ ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്നു എന്നതാണ്. അതെല്ലാം സർക്കാർ രേഖയായി മാറിയിരിക്കുകയും ചെയ്തിരിക്കുന്നു. തീരശോഷണം ഉണ്ടാകുമെന്ന് ആശങ്കകളുയർന്ന പശ്ചാത്തലത്തിൽ ഭാവിയിൽ ഏതെങ്കിലും വിധത്തിലുള്ള തീരശോഷണമുണ്ടായാൽ ബാധിക്കപ്പെടുന്നവരുടെ പൂർണ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനുമുള്ള ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കുമെന്ന് പാക്കേജിൽ പറയുന്നുണ്ട്. എന്നാൽ പദ്ധതി വരുന്നതുകൊണ്ട് തീരശോഷമുണ്ടാകില്ല എന്നതായിരുന്നു മുമ്പ് സർക്കാറിന്റെ നിലപാട്. ഇപ്പോൾ അതിൽ മാറ്റം വന്നു എന്നത് സ്വാഗതാർഹമാണ്. എന്നാൽ വ്യക്തമായ ഒരു രൂപരേഖ അക്കാര്യത്തിലുണ്ടാക്കിയിട്ടില്ല. മൂവായിരത്തിലധികം കുടുംബങ്ങളെ പദ്ധതി വരുന്നതുമൂലം മാറ്റിപ്പാർപ്പിക്കേണ്ടി വരുമെന്ന് സർക്കാർ ഈ പാക്കേജിലൂടെ സമ്മതിക്കുന്നുണ്ട്. 50 ഏക്കർ ഭൂമിയാണ് പുനരധിവാസത്തിനായി കണ്ടെത്താൻ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ 50 ഏക്കറിൽ എങ്ങനെയാണ് 3000 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ കഴിയുക? ■

## പ്രതിഷേധിക്കുക

പ്രമുഖ സോഷ്യലിസ്റ്റും സാമൂഹിക പ്രവർത്തകനുമായ സന്ദീപ് പാണ്ഡയെ ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിലെ ഐ.ഐ.ടിയിൽ നിന്നും ദേശദ്രോഹ-നക്സൽ ബന്ധം ആരോപിച്ച് പിരിച്ചുവിട്ട യൂണിവേഴ്സിറ്റി നടപടിക്കെതിരെ പ്രതിഷേധിക്കുക. കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പ്രൊഫസറായിരുന്ന അദ്ദേഹം കാമ്പസിൽ സമരപരിപാടികൾക്ക് നേതൃത്വം നൽകിയതിന്റെയും ഡോക്യുമെന്ററി പ്രദർശിപ്പിച്ചതിന്റെയും പേരിലാണ് നടപടിക്ക് വിധേയനായത്.


## കേരളീയം വരിസംഖ്യ
### അയയ്ക്കുമല്ലോ...

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ. കൂട്ടായ്മ അംഗത്വം : 10,000 രൂപ. ആജീവനാന്ത വരിസംഖ്യ
വിദേശത്തേക്ക് : 8000 രൂപ. ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
ബന്ധങ്ങൾക്ക് :
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446576943